Rse·40
3156

ി. ബ. പീയൂസച്ചൻ,
ടി. ഒ. സി. ഡി.

(അക്കര)



PRINTED & PUBLISHED
BY
Very Rev. Fr. John Akara, Forane Vicar,
CATHEDRAL,
ICHUR.

ORKS
00
ALORE
89
M COLLEGE
50·106
AKA-G

ST.

Reg.

Shelf

Auth

Title

Plalc

Yeai

Size

Rsc. 40



കുരിശിന്റെ

ബ. പീയൂസച്ചൻ,

ടി. ഒ. സി. ഡി.

(അക്കരെ)



"കത്താവേ, നിത്യാശ്വാസം ഇയാൾക്കു കൊടുക്കേണമെ. നിത്യപ്രകാശം ഇയാളുടെമേൽ പ്രകാശിക്കട്ടെ."

~~2.17.357.452~~ 25.106 AKK P
3156

അനുവാചകരോട്ട് ഒരു വാക്ക്—

ഒല്ലൂർ അക്കര കുടുംബത്തരുവിന്മേൽ പൊടിച്ച് മലയാള കമ്മലീത്താസഭാരാമത്തിലേക്ക് മാററി നട പ്പെട്ട പെ: ബ: പീയൂസച്ചൻ കാലധർമ്മം പ്രാപിച്ചിട്ട് ഉദ്ദേശം 40 വർഷം കഴിഞ്ഞു. പ്രസ്തുത സഭയിൽ ഒരു മണിദീപംപോലെ ഇദ്ദേഹം പ്രശോഭിച്ചു. ആത്മാ ക്കളെ അവരുടെ പരമാന്ത്യമായ ദൈവത്തിങ്കലേയ്ക്കു നയിക്കുവാൻ– അവരെ സുകൃതത്തിന്റെ അത്യുച്ചിയിൽ എത്തിക്കുവാൻ– സഭയ്ക്കകത്തും പുറത്തും ഇദ്ദേഹം അ ക്ഷീണം യത്നിച്ചു. ഈ സന്ന്യാസശ്രേഷ്ഠന്റെ ചരിത്രം– നാനാമുഖങ്ങളായ അവിടുത്തെ സമുദായ സേവന ങ്ങളെ സമ്മുക്കായെങ്കിലും വിവരിച്ചുകൊണ്ടുള്ളതായ ഒരു ചരിത്രം– രചിക്കുവാൻ വളരെ നാളായി ഞാൻ ആഗ്രഹിച്ചിരുന്നതാണ്. കഥാവസ്തു അർഹിക്കുന്ന പ്രൌഢിയോടെ അതു നിർവ്വഹിക്കുവാൻ സാധിച്ചില്ലെ ങ്കിലും ഇപ്പോഴും ഈ പുണ്യപുരുഷനെക്കുറിച്ച് ഇങ്ങ നെ ഒരു ലഘുലേഖ പ്രസിദ്ധീകരിക്കുവാൻ ഇടയായ തിൽ ഞാൻ അതീവ കൃതാർത്ഥനാണ്. ഈ ജീവിതസം ഗ്രഹം ഇങ്ങനെ പ്രസിദ്ധീകരിക്കുന്നതിൽ എനിക്ക് സകലവിധ ഒത്താശകളും ചെയ്തതന്ന കമ്മലീത്താ വൈദികരോട്ട് എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖ പ്പെടുത്തികൊള്ളുന്നു.

ഫാ. ജോൺ അക്കര.

DHARMARAM COLLEGE LIBRARY
Ac. No 80836
Call No K100/C629

കുരി. ബ. പീയൂസച്ചൻ

(അക്കരെ.)

1854 — 1916.

സുദീഘ്രവും പ്രശസ്തവുമായ സേവനത്തിനുശേഷമാണു് കുരിശിന്റെ ബ. പീയൂസച്ചൻ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടതു്. 1916 ഏപ്രിൽ 8-ാം തീയതിയായിരുന്നു ഈ സംഭവം. പ്രമേഹക്കുരുക്കളാണു് അദ്ദേഹത്തിന്റെ ജീവിതയാത്രയെ ത്വരിതപ്പെടുത്തിയതും ബലിപരമായ ആ ജീവിതത്തിനു മകുടം ചാർത്തിയതും. കുരുക്കൾ പൊട്ടി ദേഹം വ്രണിതമായി വേദന ദുസ്സഹമായിത്തീർന്നു. സഹനശക്തിക്കായി അദ്ദേഹം സ്നേഹനാഥനെ ആശ്രയിച്ചു്, പ്രതിദിനവും ദിവ്യകാരുണ്യം സ്വീകരിച്ചു് സവിനയം പ്രാർത്ഥിച്ചു. സ്നേഹനാഥൻതന്നെ പീയൂസച്ചനെ തന്റെ മോക്ഷവസതിയിലേയ്ക്കു ആനയിക്കുവാൻ സമാഗതനായി എന്നു തോന്നത്തക്കവിധം അന്ത്യദിവ്യകാരുണ്യസ്വീകരണം കഴിഞ്ഞ ഉടനെ അദ്ദേഹം ഭൗതിക ജീവിതത്തോടു യാത്ര ചൊല്ലിപ്പിരിഞ്ഞു.

പീയൂസച്ചന്റെ ചരിത്രത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പു് ഈ സുന്ദരകുസുമം മൊട്ടിട്ടു വികസിച്ച കുടുംബത്തരുവിനെക്കുറിച്ചു് അല്പം പ്രസ്താപിക്കുന്നതു് അനുവാചകർക്കു് രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

വലപ്പാട് മുതലായ പടിഞ്ഞാറൻ ദേശക്കാർ പണ്ടു് ആധാരങ്ങളിലുംമറ്റും "കുണ്ടുകുളങ്ങരെ നഗരിയിൽ ഇരിക്കും" എന്ന വിലാസം ചേർത്തുകാണുന്നുണ്ടു്. കുണ്ടുകുളങ്ങരെ താപ്പു് ഇന്നും നടപ്പുള്ളതാണല്ലൊ. പ്രസ്തുത

കുണ്ടുകുളങ്ങരെ നഗരിതന്നെയാണ്. കുണ്ടുകുളങ്ങരെ കുടുംബക്കാരുടെ ആസ്ഥാനവും. പൌരാണിക പ്രശസ്തി ആർജ്ജിച്ചിട്ടുള്ളവയാണ് കുണ്ടുകുളങ്ങരെ നഗരിയും കുടുംബവും. ഈ നഗരി ഇന്നു നാമാവശേഷമായെങ്കിലും കുടുംബം നിലനില്ക്കുന്നു; പ്രശസ്തിക്ക് അല്പമെങ്കിലും വാട്ടവും കോട്ടവും കൂടാതെ നിലനില്ക്കുന്നു. പറപ്പൂർകുണ്ടുകുളങ്ങരെ കുടുംബശാഖ വലപ്പാട്ടനിന്നു പറിച്ചുനട്ടതാണ്. ഒല്ലൂർവന്നു കുടിയേറിപ്പാർത്ത വിഭാഗക്കാർക്ക് അക്കരെ എന്ന അഭിധാനവും കാലാന്തരത്തിൽ കൈവന്നു. മനക്കോടി കായലിന്നു് അക്കരെനിന്നു വന്നവരാണെന്നതത്രെ അതു സൂചിപ്പിക്കുന്നതു്. ഇന്നും ഒല്ലൂർനിന്നു പ്രസ്തുത പടിഞ്ഞാറൻ പ്രദേശങ്ങളിലേയ്ക്കു പോകുന്നതിനു് അക്കരെയ്ക്കു് പോകുക എന്നു പറയാറുണ്ടു്.

ഉദ്ദേശം 200 സംവത്സരങ്ങൾക്കു് മുമ്പാണു് പഴവീൽ ഇടവകക്കാരനായ കുണ്ടുകുളങ്ങരെ വറിയതു് എന്നായാം ഒല്ലൂർ കുടിയേറിപ്പാർത്തതു്. ഇന്നത്തെ ഒല്ലൂർ പള്ളിയ്ക്കു പടിഞ്ഞാറെ അങ്ങാടിയിൽ താമസമുറപ്പിച്ചുകൊണ്ടു് അവിടെ ഈ കുടുംബത്തിനു ബീജാവാപം ചെയ്തു. ഇന്നാകട്ടെ പ്രസ്തുത വറിയതിന്റെ അനന്തരഗാമികളായ നൂറോളം വീട്ടുകാർ കാണും. ഇതു ശാഖോപശാഖകളോടുകൂടിയ ഒരു കുടുംബത്തെ നമ്മുടെ നാട്ടിൽ വേറെയുണ്ടോ എന്നു സംശയമാണു്. കേരളക്കരയിൽ പുരാതനങ്ങളെന്നു ഗണിക്കപ്പെടുന്ന മിക്ക പ്രധാന കുടുംബങ്ങളുമായി അക്കരെ തറവാട്ടുകാർ ബന്ധുത്വം പുലർത്തി വന്നിരുന്നതായി കാണുവാൻ പ്രയാസമില്ല.

വളരെ കാലമായി വൈദികരുടേയും കന്യാസ്ത്രീകളുടേയും വിളനിലമായി പരിലസിക്കുന്ന ഒന്നാണു് ഈ കുടുംബം. അക്കരെ ഗീവർഗ്ഗീസു് കത്തനാർ എന്ന ഒരു വൈദികനുണ്ടായിരുന്നു. അദ്ദേഹം ചെമ്മാശ്ശേരിയിൽ 1009-ലെ ഒരു ഭാഗോലയിൽ സൂറി

യാനി വടിവുള്ള കയ്യക്ഷരത്തിൽ ഒപ്പുവെച്ചിട്ടുള്ളതായി കാണുന്നു. ഇട്ടേഹം കുണ്ടുകുളങ്ങരെ (അക്കര) വറിയ്യ ചാക്കുവിന്റെ ഏക സന്താനമായിരുന്നു. 1011-ൽ സാഘോഷം കൊണ്ടാടിയ അട്ടേഹത്തിന്റെ പുത്തൻ കുബ്ബാനയായിരിക്കണം ഒല്ലൂർ നടന്നിട്ടുള്ള പ്രഥമ പുത്തൻ കുബ്ബാനാഘോഷം. ഒറവേക്കാകൊട്ടിലും സംഗീതത്തിലും അതിവിദഗ്ധനായിരുന്നു ഈ വൈദികോത്തമൻ. ഇട്ടേഹത്തിന്റെ അനന്തരഗാമിയായിട്ടാണു്, ഗീവർഗ്ഗീസു് എന്ന മാമ്മോദീസാപേരോടുകൂടിയ നമ്മുടെ കഥാപുരുഷൻ കുരിശിന്റെ ബ. പീയൂസച്ചൻ, വൈദികവൃത്തിയിൽ പ്രവേശിച്ചതു്.

കുണ്ടുകുളങ്ങരെ കുടുംബത്തരുവിന്റെ ഒല്ലൂർ ശാഖയിൽത്തന്നെ നാളിതുവരെ 11 വൈദികരും 52 കന്യകാസ്ത്രീകളും ഉണ്ടായിട്ടുണ്ടു്. അവരിൽ പലരും ഈ രൂപതയിലും പുറത്തും, മിഷ്യൻ രംഗങ്ങളിലും പ്രശസ്തമായവിധം ഇന്നും സഭാസേവനം നടത്തിവരുന്നവരാണെന്നുള്ളതു് അക്കര തറവാട്ടുകാർക്കു് അഭിമാനകാരണമാണു്; - സംശയമില്ല. കൂടാതെയും ധാരാളം അഭ്യസ്തവിദ്യരും വളരെ ബിരുദധാരികളും, അക്കര കുടുംബാംഗങ്ങളായിട്ടുണ്ടു്. അവരിൽ പലരും, അദ്ധ്യാപകന്മാർ, അഭിഭാഷകന്മാർ, പത്രപ്രവർത്തകർ, ഗവമ്മേണ്ടുദ്യോഗസ്ഥന്മാർ, വ്യവസായപ്രമുഖന്മാർ എന്നീ നിലകളിൽ സഭയേയും സമുദായത്തേയും ഒരുപോലെ സേവിച്ചുവരുന്നു. പൊതുവിൽ പറഞ്ഞാൽ ഈ കുടുംബക്കാർക്കു കച്ചവടം, വ്യവസായം എന്നിവയിലാണു് കൂടുതൽ താല്പര്യം. ഒല്ലൂരിലും പരിസരങ്ങളിലുമായി ഇന്നു നാം അസംഖ്യം ഓട്ടുകമ്പനികളും, എണ്ണമില്ലുകളും, നെല്ലുകുത്തുകമ്പനികളും, മരംഅറക്കുകമ്പനികളും, അണ്ടിക്കമ്പനി തുടങ്ങിയുള്ള വ്യവസായശാലകളും നാം കാണുന്നുണ്ടല്ലൊ. അവയിൽ വേലചെയ്യുന്ന കുടുംബം പുലർത്തി വരുന്നവരെ ആയിരക്കണക്കിനു എണ്ണുവാൻ കഴിയും. ഇങ്ങനെ പട്ടിണിപ്പാവങ്ങളുടെ

ഏകാവലംബമായി പരിലസിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിൽ മിക്കതും ഈ കുടുംബക്കാരുടെ വകയോ, അവർ ഓഹരിചേർന്നും അവരുടെ പരിശ്രമത്താലും ആരംഭിച്ചു നടത്തിവരുന്നവയോ ആണു്. ദൈവാനുഗ്രഹവും പരിശ്രമശീലവും ഒത്തിണങ്ങി പ്രവർത്തിച്ചതിനാൽ അക്കര കുടുംബാംഗങ്ങളിൽ പലരും ഭൗതികവസ്തുക്കളിലും ധാരാളം അനുഗ്രഹീതരായിട്ടുണ്ടു്. എന്നാൽ താഴ്ശനേട്ടങ്ങളെ അനശ്വരമായ സ്വർഗ്ഗീയസമ്പത്തു സുതരാം ആജ്ഞിക്കുവാൻ തക്കവണ്ണം പല ഉൽകൃഷ്ടകാര്യങ്ങൾക്കായി അവർ വിനിയോഗിച്ചുവരുന്നുവെന്നുള്ളതു തികച്ചും അഭിമാനകരവും അനുകരണീയവുമാണു്. പനംകുറിച്ചിറ കന്യകാമഠം, മരത്താക്കര ഇടവകപ്പള്ളി, അഞ്ചേരിയിൽ ആരംഭിച്ചു നടത്തിവരുന്ന മരിയാപുരം മലബാർ മിഷ്യൻ ഹോം മുതലായവയ്ക്കു ഈ കുടുംബാംഗങ്ങളുടെ ലോഭമില്ലാത്ത ഔദാര്യവും അക്ഷീണ പരിശ്രമവും വളരെ സഹായമായിത്തീർന്നിട്ടുണ്ടു്— അക്കര ദേവസ്സി ആഗസ്തി എന്നയാളുടെ ചിലവിൽ പണികഴിപ്പിച്ചു നടത്തിവരുന്ന പ്രശസ്തമായ ഒരു വിദ്യാഭ്യാസസ്ഥാപനമാണു് കുട്ടനെല്ലൂർ അക്കര ആഗസ്തി മെമ്മോറിയൽ ഹൈസ്കൂൾ. സാമൂഹ്യമായും സഭാപരമായും ഉള്ള സംഗതികളിൽ ഉദാരമായി ധനവ്യയം ചെയ്യുന്നതിനുംവേണ്ടി നടത്തീട്ടുള്ള സേവനപരമ്പരകളെ പരിഗണിച്ചു നമ്മുടെ അഭിവന്ദ്യപിതാവു് ജോഷ്വാ ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു ശുപാർശ ചെയ്തതനുസരിച്ചു് പരിശുദ്ധസിംഹാസനം, അക്കര ദേവസ്സി ആഗസ്തി അവർകളെ സവിശേഷം ബഹുമാനിക്കുവാൻ തീർച്ചയാക്കി. ആകയാൽ ആദ്യമായി "പ്രൊ എക്ലേസിയാ എത്തു" പൊന്തിഫിച്ചെ" സ്ഥാനമുദ്രയാലും, ഈയിടെ "മാടമ്പി" സ്ഥാനത്താലും തിരുസിംഹാസനം അദ്ദേഹത്തെ ബഹുമാനിച്ചനുഗ്രഹിക്കയുണ്ടായി എന്നു അഭിമാനപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഒല്ലൂർ അക്കരെ കുടുംബത്തെക്കുറിച്ചു് ഇതുയും പ്രസ്താപിച്ചശേഷം ഈ തറവാടിന്റെ അഭിമാനസ്തംഭമായി പരിഗണിക്കാവുന്ന കരിശിന്റെ ബ. പീയൂസച്ചന്റെ ചരിത്രത്തിലേയ്ക്കു പിന്തിരിയാം. ലോനപ്പൻ, മറിയം എന്നീ ദമ്പതിമാരുടെ ഒമ്പതാമത്തെ സന്താനമായി 1854 നവമ്പർ 22-ാംതീയതിയാണു് കഥാനായകൻ ഭൂജാതനായതു്. ശിശുവിനു മാമ്മോദീസായിൽ 'ഗീവർഗ്ഗീസു്' എന്ന പേർ നൽകപ്പെട്ടു. അക്കാലത്തു വടക്കൻ പ്രദേശങ്ങളിൽ ഏൽപ്പുരുത്തു ആശ്രമദേവാലയത്തിൽ മാത്രമേ വി. കുമ്പാനയുടെ വാഴ്ചു ഉണ്ടായിരുന്നുള്ളു. ആകയാൽ അതിൽ സംബന്ധിക്കുന്നതിനു് വിദൂരങ്ങളിൽനിന്നു വളരെ ആളുകൾ വരിക പതിവായിരുന്നു. ഇങ്ങനെ ഒരു ചെറുബാലൻ മാത്രമായിരുന്ന നമ്മുടെ കഥാനായകൻ ഒരിക്കൽ ഏൽപ്പുരുത്തു് വരുവാൻ ഇടയായി. അവിടെ വസ്തിച്ചിരുന്ന സന്യാസികളുടെ ജീവിതത്തിൽ ആകൃഷ്ടനായി വീട്ടിലേയ്ക്കു തിരിച്ചുപോകാതെ ആശ്രമത്തിൽതന്നെ ജീവിതം തുടരുവാൻ തീർച്ചയാക്കി. അക്കാലത്തുതന്നെ ആ സുകൃതബാലനിൽ മുളയിട്ടുവാൻ തുടങ്ങിയതാണു് മതനിഷ്ഠ, വിനയം, ദൈവമാതൃഭക്തി, ദിവ്യകാരുണ്യഭക്തി എന്നിവ.



ക. നി. മ. സ.

കുരി: ബ. പീയൂസച്ചൻ.

സഭയുടെ നവസന്യാസഗൃഹവും പഠനഗൃഹവും അന്നു ക്ലനമ്മാവു് വി: ഫ്ലമേനായുടെ ആശ്രമമായിരു

ന്നു. അവിടെ 1871 ഡിസമ്പർ 27–ാംതീയതി അ
ക്കരെ ഗീവർഗ്ഗീസ് നവസന്യാസിയായി സ്വീകരിക്ക
പ്പെട്ടു. സന്യാസത്തിൽ അദ്ദേഹത്തിനു നൽകപ്പെട്ട
പേരാണ് പീയൂസ് എന്നതു്. ക്രൂശിതനോടും കുരി
ശുകളോടും അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹം രണ്ടാം
പേരായി "കുരിശിന്റെ" എന്നു ചേർത്തിൽനിന്നു
വ്യക്തമാണല്ലൊ. പുണ്യശ്ലോകനായ കുറിയാക്കോ
സ് ഏലിയാസച്ചനെ സുകൃതവഴി പരിശീലിപ്പിച്ച
വന്ദ്യമിഷ്യനറി പെ. ബ. ലെയൊപോൾഡ് ഒ. സി.
ഡി. തന്നെയായിരുന്നു നമ്മുടെ കഥാനായകന്റേയും
നോവിസിയാത്തു് ഗുരു. വിശുദ്ധിയിലും വിവേക
ത്തിലും, ആദ്ധ്യാത്മികജ്ഞാനത്തിലും അദ്വിതീയനാ
യിരുന്ന ആ ഗുരുശ്രേഷ്ഠന്റെ കീഴ് ഈ നവസന്യാസി പു
ണ്യത്തിലും പാണ്ഡിത്യത്തിലും സന്യാസാനുഷ്ഠാനങ്ങളിലും
വിസ്മയനീയമാംവണ്ണം അഭിവൃദ്ധി പ്രാപിച്ചു. കഥാ
പുരുഷൻ യഥാക്രമം ആദ്യവ്രതാനുഷ്ഠാനം നിർവ്വഹിയ്ക്കു
കയും 1880 മേയ് 22–ാംതീയതി ഗുരുപ്പട്ടം സ്വീക
രിക്കയും ചെയ്തു.

സുറിയാനി, ലത്തീൻ എന്നീ ഭാഷകളിൽ മാത്ര
മല്ല, ഇറാലിയൻ ഭാഷയിലും പീയൂസച്ചനു് അസാ
മാന്യപാണ്ഡിത്യം ഉണ്ടായിരുന്നു. തത്വം, ഗണിതം,
ജ്യോതിഷം എന്നിവയിലും പെ. ബ. ജരാർദ് ഒ.
സി. ഡി. യുടെ സഹായത്തോടെ സാമാന്യജ്ഞാനം
കരസ്ഥമാക്കി. അദ്ദേഹം നിത്യവ്രതം അനുഷ്ഠിച്ചതു
1881 ആഗസ്റ്റ് 15–ാംതീയതിയാണു്.

തിരുപ്പട്ടമേറ്റ ഏറെ താമസിയാതെ ഏൽത്തുരു
ത്തിആശ്രമത്തോടു് അനുബന്ധമായി നടത്തിവന്നിരുന്ന
സെമ്മിനാരിയിൽ മല്പാനായി പീയൂസച്ചൻ നിയമിത
നായി. ഈ ജോലി ഏറ്റവും സ്തുത്യർഹമായി നിർ
വ്വഹിച്ചുവരികയിലാണു് തൃശ്ശൂർ വികാരി അപ്പസ്തോലി
ക്കായായ മോൺ. അഡോൾഫ് മെഡലിക്കോട്ട വൈ
ദികവിദ്യാർത്ഥികളെ തൃശ്ശൂർക്കു മാറ്റിയതു്. പീയൂസ

ച്ചന്റെ കീഴ് അധ്യയനം നടത്തീട്ടുള്ള വൈദികരുടെ സൂറിയാനി ഭാഷാജ്ഞാനം ഏവരുടേയും പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണ്.

പീയൂസച്ചന്റെ പൌരോഹിത്യ ജീവിതത്തിയും ഏറ്റവും ഉത്തരവാദിത്വമുള്ള ജോലികളിലാണ് വ്യയം ചെയ്തിട്ടുള്ളതു്. മല്പാൻ, നോവിസിയാത്തു ഗുരു, ആശ്രമശ്രേഷ്ഠൻ, യോഗാത്ഥിറെക്ടർ, പൊതുശ്രേഷ്ഠാലോചനക്കാരൻ എന്നീ സ്ഥാനങ്ങളിൽ തുടരെത്തുടരെ അദ്ദേഹം നിയുക്തനാകുകയുണ്ടായി.

ഏൽത്തുരുത്തു് ആശ്രമത്തിന്റെ പ്രിയോരായിരുന്ന പെ. ബ. ജരാർദച്ചൻ (കണ്ണമ്പുള്ളി) 1891 മെയ്മാസത്തിൽ ആസന്നമരണനായിക്കിടക്കുകയിൽ ആശ്രമജോലികളെല്ലാം പീയൂസച്ചനെ ഏല്പിച്ചു. അദ്ദേഹത്തിന്റെ മരണത്തെത്തുടർന്നു് അന്നത്തെ ജനറാളായിരുന്ന അത്യുന്നത ഉലഗാദ് അപ്പസ്തോലിക്കു് പീയൂസച്ചനെ പ്രിയോരായി നിയമിച്ചു. ഈ ജോലിയിലിരിക്കയിൽ 1894ൽ സഭയുടെ പൊതുസംഘം അമ്പഴക്കാട്ടു് ആശ്രമത്തിൽ സമ്മേളിക്കയുണ്ടായി. ആ സംഘം പീയൂസച്ചനെ ഏൽത്തുരുത്തു് പ്രിയോരായി വീണ്ടും നിയമിക്കയാണു് ചെയ്തതു്. ഇങ്ങനെ തുടർച്ചയായി 1880 മുതൽ 1897 വരെ 17 വഷ്ത്തോളം പീയൂസച്ചൻ തന്റെ പൂണ്ണയൗവനത്തിൽ ഏൽത്തുരുത്തു് താമസിക്കയും അതിൽ ആറു വഷ്ം ആശ്രമശ്രേഷ്ഠനായി ഭരണം നടത്തുകയും ചെയ്തിട്ടുണ്ടു്. പെ. ബ. ജരാർദച്ചന്റെ രണ്ടു വലിയ ആഗ്രഹങ്ങളായിരുന്ന സ്ത്രീളിന്റെയും അച്ചടിപ്പുരയുടേയും സ്ഥാപനം. അവ പ്രവൃത്തിപഥത്തിലേയ്ക്കു കൊണ്ടുവരുവാൻ ദൈവപരിപാലന പീയൂസച്ചനെയാണു കരുവാക്കിയതു്.

1897-ൽ ഇദ്ദേഹം സഭയുടെ മൂന്നാം ഛേ്നിത്തോർ ജനറാളായും, നൊവിസിയാത്തു ഗുരു (അമ്പഴക്കാട്ടു്) ആയും നിയമിതനായി. നവസന്യാസികളിൽ സഭൈക്യചൈതന്യം നട്ടുനനച്ചു വളർത്തുവാൻ യത്നി

ച്ചതോടൊപ്പം പീഡാനുഭവേച്ഛതി അവരിൽ ശുദ്ധമൂല മാക്കുവാനും പീയൂസച്ചൻ പ്രത്യേകം ശ്രദ്ധ പതിച്ചിരു ന്നു. 1899–ൽ പൊതുസംഘം ഇദ്ദേഹത്തെ അമ്പഴ ക്കാട്ട് നൊവിസിയാത്തു് ആശ്രമശ്രേഷ്ഠനായി ഉയ ത്തി. 1902 വരെ ആ ജോലി നിർവ്വഹിച്ചു. പൊതു സംഘം ഇദ്ദേഹത്തെ വീണ്ടും 3–ാം ഒഫ്നിത്തോർ ജനറാളായി തിരഞ്ഞെടുത്തതു് 1905ലാണു്. ഇങ്ങ നെ പൊതുശ്രേഷ്ഠാലോചനക്കാരനായിരിക്കയിൽ ഏ ൽത്തുരുത്തു് യോഗാത്മി മന്ദിരത്തിന്റെ റെക്ടർ, സ്ഥാ മാനേജർ, അച്ചടിപ്പുരമാനേജർ എന്നീ ജോലികളും ഇദ്ദേഹം നിർവ്വഹിച്ചുവന്നു. 1908–ൽ ഒന്നാം ഒഫ്നി ത്തോർ ജനറാളായും നൊവിസിയാത്തു ഗുരുവായും പൊതുസംഘം പീയൂസച്ചനെ നിയമിച്ചു. 1911–ൽ ഈ ജോലികളിൽനിന്നു വിടുതലായെങ്കിലും, അവസാ നംവരെ അദ്ദേഹത്തിന്റെ സേവനത്തെ വിലമതിച്ചി രുന്ന സഭ യോഗാത്മികളുടെ അനേഷണം അദ്ദേഹ ത്തെ ഏല്പിച്ചു. അശ്രാന്തത്താലും, സുഖക്കേടുകളാലും ക്ഷീണിച്ചിരുന്ന ഈ വയോവൃദ്ധനിൽ പ്രശോഭിച്ചിരു ന്ന ശിശുതുല്ല്യപ്രകൃതിയായിരിക്കണം ജീവിതത്തിന്റെ സായാഹ്നവേളയിലും ഇങ്ങനെ ഒരു നിയമനത്തിനു സഭാധികാരികളെ പ്രേരിപ്പിച്ചതു്.

മല്പാൻ	1880—1888
ഏൽത്തുരുത്തു പ്രിയോർ	1891—1894
” ”	1894—1897
നൊവിസിയാത്തുഗുരു	1897—1899
ഒഫ്നിത്തോർ ജനറാം	1897—1899
അമ്പഴക്കാട്ടു പ്രിയോർ	1899—1902
യോഗാത്മി റക്ടർ	1905—1908
ഒഫ്നിത്തോർ ജനറാം	1905—1908
” ”	1908—1911
നൊവിസിയാത്തു ഗുരു	1908—1911
യോഗാത്മി റക്ടർ	1911—1914

ഇങ്ങനെ അതിമാത്രം ഉത്തരവാദിത്വമുള്ള ജോലി കളിൽ അദ്ദേഹത്തെ ഏല്പിച്ചിട്ടുള്ളവാൻ കാരണമെന്തു? പീയൂസച്ചന്റെ വ്യക്തിമാഹാത്മ്യം, കാര്യശേഷി, ജ്ഞാനം, സുകൃതജീവിതം എന്നിവയെക്കുറിച്ചു സഭയിൽ പൊതുവേ ഉണ്ടായിരുന്ന മതിപ്പ് എന്നാണു പ്രസ്തുത ചോദ്യത്തിനുള്ള ഉത്തരം. പീയൂസച്ചന്റെനേരെ ഇങ്ങനെ ഒരു മതിപ്പുണ്ടാകുവാനുള്ള കാരണം അദ്ദേഹത്തിന്റെ ആന്തരീക ജീവിതത്തിലേയ്ക്കുള്ള ഒരെത്തിനോട്ടം സ്പഷ്ടമാക്കുന്നതാണു്. എന്നാൽ അതിലേയ്ക്കു വായനക്കാരെ ക്ഷണിക്കുന്നതിനു മുമ്പായി പീയൂസച്ചൻ ഏൽത്തുരുത്തു് സ്കൂളിന്റെയും അച്ചുകൂടത്തിന്റെയും ജനയിതാവായതു് എങ്ങിനെയെന്നു സംഗ്രഹമായിപ്പറയാം.

വൈദികവിദ്യാർത്ഥികളെ തൃശ്ശൂർക്കു് മാറ്റപ്പെട്ടപ്പോൾ പീയൂസച്ചന്റെ ശ്രദ്ധ ഏൽത്തുരുത്തു് ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിൽ പതിഞ്ഞു. 1889-ൽ അതു സമാരംഭിക്കുകയും ചെയ്തു. ഈ സ്ഥാപനത്തിന്റെ പെറ്റമ്മ സ്ഥാനം പെ. ബ. ജരാർദച്ചനു കൊടുക്കേണ്ടതാണെങ്കിലും ശിശുപ്രായത്തിൽ അതിനെ പാലൂട്ടി വളർത്തിയ വളർത്തമ്മസ്ഥാനം പീയൂസച്ചനു നൽകേണ്ടതാണു്. ഏൽത്തുരുത്തു് സ്കൂൾ അതിന്റെ ആരംഭംമുതൽക്കെ വിദ്യാർത്ഥികളുടെ ഇടയിൽ പരിരക്ഷിച്ചുപോന്ന നല്ല ശിക്ഷണത്തിനു രാജ്യവ്യാപകമായ പ്രസിദ്ധിനേടിയെങ്കിൽ അതിനു പ്രധാന ഹേതുഭൂതൻ ഇദ്ദേഹമല്ലാതെ മറ്റാരുമല്ല. സ്ഥലം പ്രിയോരായിരിക്കയിലും ഈ സ്ഥാപനത്തിനുവേണ്ടി അക്ഷീണം യത്നിക്കുകയും ഗണ്യമായ ഒരു ഗ്രാൻഡ് ഗവർമ്മേണ്ടിൽനിന്നു് വളരെ പണിപ്പെട്ടു വാങ്ങിക്കുകയും ചെയ്തു.

ഏൽത്തുരുത്തു് അച്ചുകൂടത്തിന്റെ ആരംഭത്തിനും വളർച്ചയ്ക്കും പീയൂസച്ചൻതന്നെയാണു് കാരണഭൂതൻ. 1890-ൽ പെ. ബ. ജരാർദച്ചൻ അച്ചടിശാല തുടങ്ങു

ന്നതിനു് അധികാരസ്ഥാനങ്ങളിൽനിന്നും അനുവാദം വാങ്ങിയിരുന്നു. എങ്കിലും ഏതദ്വിഷയത്തിൽ ഒന്നും തന്നെ ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പല തരം പ്രതിക്കൂലങ്ങളും തരണം ചെയ്യുവാനുണ്ടായിരുന്നതാണു് ഇതിനു കാരണം. എന്നാൽ അസാദ്ധ്യമായി തോന്നിയിരുന്ന വിഷമങ്ങളെ ഓന്നൊന്നായി ജയിച്ചു് പ്രസ്സും മറ്റു അത്യാവശ്യ സാമഗ്രികളും വാങ്ങി, ബഃ പീയൂസച്ചൻ 1894 മകരം ഒന്നാം തീയതി അച്ചുകൂടം മുറയ്ക്കാരംഭിച്ചു. പുസ്തകങ്ങളും രചിച്ചും, മറ്റുള്ളവരെക്കൊണ്ടു രചിപ്പിച്ചും, തർജ്ജമ ചെയ്യിച്ചും, പ്രസ്സിന്റെ അഭ്യുദയത്തിനായി പീയൂസച്ചൻ ചെയ്തിട്ടുള്ള അദ്ധ്വാനം ഈ ചെറുകുറിപ്പിൽ വിവരിക്കാവതല്ല. (1902 — 1905) എന്നീ കാലഘട്ടത്തിൽ പെ. ബ. ശെമെയോൻസ്തോക്കച്ചൻ എൽത്തുരുത്തു പ്രിയോരായിരിക്കയിൽ അച്ചടിപ്പുരയുടേയും സ്ലൂളിന്റേയും കായ്ക്കലും അന്വേഷിച്ചു നടത്തുന്നതിനു് പീയൂസച്ചനെ അമ്പഴക്കാട്ടുനിന്നു എൽത്തുരുത്തേയ്ക്കു വരുത്തി. ഇദ്ദേഹത്തിന്റെ അദ്ധ്വാനഫലമായി "പ്രാചീനതാരക" എന്ന ഒരു മാസിക 1904 ജനവരി മുതൽ എൽത്തുരുത്തുനിന്നു് അച്ചടിച്ചു പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. ഈദ്ദശസംഗതികളെ പരിചിന്തനം ചെയ്യുമ്പോൾ പീയൂസച്ചനോടു് ഈ രണ്ടു സ്ഥാപനങ്ങൾക്കും പിതൃപുത്രബന്ധമാണു് ഉള്ളതു് എന്നു സകാരണം പറയാം.

അവസാനമായി പീയൂസച്ചന്റെ ആന്തരികജീവിതത്തെക്കുറിച്ചു അല്പം പ്രസ്താവിച്ചശേഷം ഈ കുറിപ്പു് ഉപസംഹരിക്കാം എന്നു കരുതുന്നു.

ഇദ്ദേഹം പരമാത്മീയനും പൊതുഹൃദയതല്പരനും സഭയ്ക്കും സഭാംഗങ്ങൾക്കും വേണ്ടി ഏതൊരു ബുദ്ധിമുട്ടും സഹിക്കുന്നതിനു് സന്നദ്ധനുമായിരുന്നു. മിശിഹായോടു വ്യക്തിപരമായ സ്നേഹമാണു് പീയൂസച്ചനുണ്ടായിരുന്നതു്. ഈ സ്നേഹം ദിവ്യകാരുണ്യഭക്തി, പീഡാനുഭവഭക്തി എന്നീ രൂപകളിൽക്കൂടെ പ്രത്യക്ഷ

മായി. നിർഭരഭക്തിയോടും സൂക്ഷ്മത്തോടുംകൂടിയാണു് ഇദ്ദേഹം ദിവ്യപൂജ അപ്പിച്ചിരുന്നതു്. എത്ര ജോലിത്തിരക്കുണ്ടായിരുന്നാലും ദിവ്യകാരുണ്യസ്വീകരണാനന്തരം ഒരു മണിക്കൂർ ഉപകാരണസ്മരണയ്ക്കായി വിനിയോഗിക്കും. ഈ ഒരു മണിക്കൂർ മിക്കപ്പോഴും മുട്ടിന്മേൽതന്നെയാണു് കഴിച്ചിരുന്നതു്. അവസരം ലഭിയ്ക്കുമ്പോഴെല്ലാം ദിവ്യകാരുണ്യനാഥനെ സന്ദർശിക്കും. നാഥനെ ആശ്വസിപ്പിക്കുന്നതിനും, നാഥനാൽ ആശ്വസിപ്പിക്കപ്പെടുന്നതിനും. വി. ജർത്രൂദിന്റെ ദിവ്യകാരുണ്യം സംബന്ധമായ ഒരു ചെറുകൃതിയായിരുന്നു കഥാനായകന്റെ പ്രധാന ജ്ഞാനവായന പുസ്തകം. അതു മിക്കപ്പോഴും തന്റെ കയ്യിലുണ്ടായിരിക്കും.

നമ്മുടെ കർത്താവിന്റെ പീഡാനുഭവഭക്തിയുടേയും ഒരു പ്രേക്ഷിതനായിരുന്നു പീയൂസച്ചൻ. കാൽവരിയിലെ ദിവ്യബലിയുടെ ആവർത്തനമായ അൾത്താരയിലെ ദിവ്യപൂജയെ മിശിഹായുടെ പീഡാനുഭവത്തോടു സംയോജിപ്പിച്ചു ചൊല്ലുകയും കാണുകയും ചെയ്യുന്ന ഭക്താഭ്യാസം പ്രചരിപ്പിയ്ക്കുന്നതിൽ ഇദ്ദേഹം മാതൃകകൊണ്ടും വാക്കുകൊണ്ടും വളരെ അധികം യത്നിച്ചിട്ടുണ്ടു്. ദിവസത്തിലെ ഓരോ മണിക്കൂറും കർത്താവിന്റെ പീഡാനുഭവത്തിന്റെ ഓരോ ഭാഗം സ്മരണയിൽ വരുത്തി തദനുസരണങ്ങളായ പ്രകരണങ്ങളും ചെയ്യുന്നതാണല്ലോ "പീഡാനുഭവമണിക്കൂർ," എന്ന ഭക്താഭ്യാസം. ഈ സുകൃതാഭ്യാസത്തിന്റേയും ഒരു സജീവപ്രേഷിതനായിരുന്നു ഈ പുണ്യശ്ലോകൻ. നവസന്യാസികളിൽ ഈ ഭക്തി ശുദ്ധമൂലമാകുന്നതിനും ഇദ്ദേഹം അവരുടെ ഗുരുവായിരുന്ന കാലത്തു ക്രമപ്പെടുത്തിയ പ്രായോഗിക മാർഗ്ഗങ്ങൾ നവസന്യാസഗൃഹത്തിലും, സഭയിലും, സഭയ്ക്കു പുറത്തും ഇന്നും നിലനിന്നുപോരുന്നു. വിവിധ മണിക്കൂറുകൾക്കുള്ള സുകൃതജപങ്ങളും ഇദ്ദേഹംതന്നെ ക്രമീകരിക്കയുണ്ടായി. ഈ വിഷയത്തെക്കുറിച്ചു് ഇദ്ദേഹം ഒരു ചെറുകൃതി രചിച്ചിട്ടുണ്ടു്.

കഥാനായകന്റെ ആത്മസംയമനം സുപ്രസിദ്ധമാണു്. എഴുത്തുകാരൻ കിട്ടിയാലുടനെ വായിക്കുവാനുള്ള പ്രഥമ ജിജ്ഞാസയെ നിയന്ത്രിക്കുന്നതു് പലരും പലപ്പോഴും കണ്ടിട്ടുണ്ടു്. ആത്മസംയമനം നിരന്തരം അഭ്യസിച്ചതിന്റെ ഫലമായി എല്ലാ സ്വഭാവക്കാരോടും ഒത്തിണങ്ങിപ്പോകുന്നതിനും ഏതൊരു സാഹചര്യത്തിലും കോപത്തിനോ, അക്ഷമതയ്ക്കോ വശംവദനാകാതിരിക്കുന്നതിനും ഇദ്ദേഹത്തിനു പ്രയാസമുണ്ടായിരുന്നില്ല. പ്രകൃത്യാ ഗൗരവക്കാരനായിരുന്നു. ബാലീശങ്ങളായ സംഗതികളിലേയ്ക്കു ഒഴുകിപ്പോകുന്ന പ്രകൃതി അല്ലായിരുന്നു പീയൂസച്ചന്റേതു്. എങ്കിലും ആദ്രത, സൗമ്യശീലം എന്നീ ഗുണങ്ങളോടുകൂടെ ആത്മീയനിയന്ത്രണവും കൂടെയായപ്പോൾ ആക്ഷം, കൊച്ചുകുട്ടികൾക്കുപോലും, അടുത്തു പെരുമാറുവാൻ യാതൊരു വിഷമവുമില്ലാത്ത ഒരു സ്വഭാവവിശേഷമായി പരിണമിച്ചു. ഇതു് ഇദ്ദേഹം ഒരു വയോവൃദ്ധനായിരിക്കയിൽ ഇദ്ദേഹത്തിന്റെ ശിക്ഷണത്തിൽ വളരുവാൻ ഭാഗ്യം ലഭിച്ചവരുടെ അഭിപ്രായമാണു്.

പെറന്മമ്മാരുടേതുപോലെ ആദ്രതനിറഞ്ഞതായിരുന്ന വിദ്യാർത്ഥികളോടും നവസന്യാസികളോടും പീയൂസച്ചൻ പ്രദർശിപ്പിച്ചിരുന്ന സ്നേഹം. ഇദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപെട്ട ഒരു നവസന്യാസി അമ്പഴക്കാട്ടുവെച്ചു അകാലമരണം പ്രാപിച്ചു. പീയൂസച്ചൻ അന്നു് ഏൽത്തുരുത്താണു് താമസിച്ചിരുന്നതു്. ചരമവാർത്ത കേട്ട ക്ഷണത്തിൽ അദ്ദേഹം പൊട്ടിക്കരഞ്ഞു. ദീർഘനേരം ഏങ്ങിയേങ്ങി കരഞ്ഞിട്ടേ ഇദ്ദേഹത്തിന്റെ ദുഃഖത്തിനു് അടക്കമുണ്ടായുള്ളൂ.

പീയൂസച്ചന്റെ പ്രശാന്ത പ്രകൃതിയോടൊത്തിണങ്ങി ധീരോദാത്തതയും പ്രശോഭിച്ചു. ആവശ്യപ്പെട്ടന്നേടത്തു സധീരം പ്രവൃത്തിക്കുവാൻ ഇദ്ദേഹത്തിനു് വിഷമമുണ്ടായിരുന്നില്ല. ചില പ്രബലന്മാർ ആശ്രമവസ്തുക്കൾ ബലാല്ക്കാരമായി കൈയ്യേലാക്കുവാൻ യത്നിച്ച

സന്ദർഭത്തിലാണു് പീയൂസച്ചന്റെ മനക്കരുത്തു പ്രത്യക്ഷമായതു്. രണാങ്കണത്തിലിറങ്ങി നീതിയ്ക്കുവേണ്ടി പോരാടുന്നതിനു യാതൊരു വൈമനസ്യവും പ്രദർശിപ്പിച്ചില്ല. യാതൊരു ഭൗതികലാഭചിന്തയും സത്യത്തിനേറെയും നീതിയുടെയും പന്ഥാവിൽനിന്നു ഈ മഹാശയനെ വ്യതിചലിപ്പിക്കുവാൻ പര്യാപ്തമായിരുന്നില്ല. പ്രസ്തുതകേസ്സിൽ ആശ്രമത്തിനു നഷ്ടംവരുന്ന വിധത്തിൽ ഇട്ടേഹം മൊഴികൊടുക്കുന്നതുകണ്ടു വിധിയാളൻ ആശ്ചര്യപ്പെട്ടു. തെറ്റായി പറഞ്ഞുപോയതായിരിക്കാം എന്നു കരുതി തിരുത്തിപ്പറയുന്നതിനു സൗകര്യമുണ്ടാക്കിക്കൊടുത്തു. എന്നാൽ മൊഴി മാറ്റി പറയുവാൻ ഇട്ടേഹം സന്നദ്ധനായില്ല.

ആത്മരക്ഷയുടെ കാര്യത്തിൽ പീയൂസച്ചൻ പ്രദർശിപ്പിച്ച ശുഷ്കാന്തി അനുകരണീയംതന്നെ. ദൈവവചനം പ്രസംഗിക്കുക, ക്ലാശകം കൊടുക്കുക എന്നിവയ്ക്കു സവ്വദാ സന്നദ്ധനായിരുന്ന ഈ ദൈവദാസൻ. പ്രകൃത്യാ ഒരു വാഗ്മിയല്ലായിരുന്ന ഇട്ടേഹം. എങ്കിലും പ്രസംഗത്തിനു് ആളില്ലെന്നു കണ്ടാൽ നമ്മുടെ കർത്താവിനെപ്പറ്റി പറയുവാൻ എന്താണു് പ്രയാസം, എന്നു പറഞ്ഞു പ്രസ്തുത ജോലി ഏറ്റെടുക്കും — ഒരു കഷ്ണം കടലാസ്സുപോലും വൃഥാ കളയാതെ ദാരിദ്ര്യാരൂപി കാക്കുന്നതിൽ ഈ സന്യാസശ്രേഷ്ഠൻ വളരെ താല്പര്യം പ്രദർശിപ്പിച്ചു. ഉടുപ്പിന്റേയും മറ്റു പെരുമാറ്റസാമാനങ്ങളുടേയും കാര്യത്തിൽ അത്യാവശ്യം വേണ്ടതുകൊണ്ടു തൃപ്തിപ്പെടുക എന്നതായിരുന്നു ഇട്ടേഹത്തിന്റെ മുദ്രാവാക്യം.

ക്രമാനുഷ്ഠാനങ്ങളിൽ ഒരു നവസന്യാസിയെപോലെ പീയൂസച്ചൻ ജീവിച്ചു. അങ്ങിനെതന്നെ മൃതിയടഞ്ഞു. ഇട്ടേഹത്തെ ബാധിച്ച പ്രമേഹരോഗം അവസാനഘട്ടത്തിൽ അതിന്റെ മൂർദ്ധന്യത്തിലെത്തി. പ്രമേഹക്കുരുക്കളിൽനിന്നുണ്ടായ ദുസ്സഹപീഡകളെ ജയിക്കുന്നതിൽ ഇട്ടേഹം പ്രത്യക്ഷപ്പെടുത്തിയ ധീരോദാത്ത


ത അത്ഭുതാവഹമായിരുന്നു. ഇരിക്കുവാൻപോലും വ
ളരെ പ്രയാസമായിരുന്നുവെങ്കിലും ധ്യാനം, കാനോ
നാ നമസ്കാരം എന്നിവയിൽ പങ്കുകൊള്ളുന്നതിനു്
ഈ വയോവൃദ്ധൻ ഒരു തലയിണയുംകൊണ്ടു പുറപ്പെ
ട്ടും. എന്തൊരു മനോഹര കാഴ്ച! അതു അധികമാ
യിരുന്നു ക്രമാനുഷ്ഠാനങ്ങളെക്കുറിച്ചു ഈ സന്യാസവ
ര്യനുണ്ടായിരുന്ന മതിപ്പും താല്പര്യവും. "ദൈവത്തോടു
പ്രാർത്ഥിക്കേണ്ടതു എങ്ങിനെയെന്നു പഠിക്കാൻ എ
ന്റെ പിതാവു പ്രാർത്ഥിക്കുന്നതു കണ്ടാൽമതി". എന്നു
വി. കൊച്ചുത്രേസ്യാ പറഞ്ഞിട്ടുള്ളതു് ബ. പീയൂസ
ച്ചനെക്കുറിച്ചും പറയാവുന്നതാണു്. പ്രത്യേകം ഇട്ടേ
ഹം പരിശുദ്ധ കുബ്ബാനയുടെ സന്നിധിയിൽ പ്രാർത്ഥി
ക്കുന്നതു കാണേണ്ടതുതന്നെയായിരുന്നു. കണ്ണുകൾ സാ
ധാരണ അടഞ്ഞിരിക്കും. ഒരു ശബ്ദവും പുറപ്പെടുവി
ക്കയില്ല. അധരങ്ങൾ ചലിക്കുകയുമില്ല. ആ സമയ
ത്തു ചുറ്റും നടക്കുന്നതെന്തെന്നു് അറിയുകയുമില്ല. ഇ
ട്ടേഹം തന്റെ ഹൃദയനാഥനുമായി, ഹൃദയത്തോടു ഹൃ
ദയമായി, ഗാഢസംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുക
യാണു്. അതിൽ ഇട്ടേഹം നിമഗ്നനായിരിക്കുന്നു.
തൽഫലമായി ഇട്ടേഹത്തിനു അനുഭവപ്പെടുന്ന ദിവ്യ
മായ സമാധാനവും, സ്വർഗ്ഗീയസന്തോഷവും, സ്നേഹ
തീഷ്ണതയും ഇട്ടേഹത്തിന്റെ മുഖകമലങ്ങളിൽ കളിയാടു
ന്നതു ആർക്കും കാണാവുന്നതാണു്. നല്ലതിനെയൊക്കെ
മാനിക്കുന്ന യുവഹൃദയങ്ങളും പ്രാർത്ഥനാനിരതനായ
പീയൂസച്ചനെ സകൌതുകം നോക്കിനിന്നു് സംതൃപ്തി
നേടുക പതിവുക്രമമായിരുന്നില്ല. മുഖത്തു പ്രത്യക്ഷപ്പെട്ട
ഒരു ആനന്ദത്തുടിപ്പോട്ടുകളെയാണു്, ദിവ്യകാരുണ്യ
സ്വീകരണം നടന്നു്, ഏറെ താമസിയാതെ ഈ സ
ന്യാസവര്യൻ കർത്താവിൽ ദീർഘനിദ്ര പ്രാപിച്ചതു്.

പീയൂസച്ചന്റെ ആത്മശാന്തിക്കായി നമുക്കു പ്രാ
ർത്ഥിക്കാം.

R. I. P.

ന. ക.

പീഡാനുഭവമണിക്കുറുകൾ



By
Rev Fr Pius of the H Cross
T O C. D



പരേതനായ

പെ. ബ. കുരിശിന്റെ പിയൂസച്ചൻ.

(അക്കര)

1854–1916.

ഇദ്ദേഹം 1897 മുതൽ 1899 വരെ അമ്പഴക്കാട്ടു വി.ത്രെസ്യായുടെ ആശ്രമത്തിൽ നവസന്ന്യാസഗുരുവായിരുന്നപ്പോൾ ക്രമപ്പെടുത്തി അഭ്യസിച്ചിരുന്നതും തന്റെ ശിഷ്യരായ ഞങ്ങളെ പഠിപ്പിച്ചും, അഭ്യസിപ്പിച്ചും തന്നിരുന്നതുമായ ന. ക. പീഡാനുഭവമണിക്രമങ്ങളും, ആ ഓരോ മണിക്രമത്തിൽ ചെയ്യത്തക്ക "പൊതുവായതും, പ്രത്യേകമായുള്ളതുമായ പ്രകരണങ്ങളും" അത്രേ താഴെ പ്രസിദ്ധീകരിച്ചിരിക്കുന്നതു്. എന്നാൽ ഭാഷയിലും മറ്റും അല്പസ്വല്പ ചില ഭേദഗതികൾ വരുത്തീട്ടുണ്ടു്.

എന്നു്

ക. നി. മു. സ. ഗ്രു. യൌസേപ്പു ലെയോപ്പോൾഡ്

പട്ടക്കാരൻ.

ന. ക.

പീഡാനുഭവമണിക്രൂശകം

ഭക്തികളിൽവെച്ച് ഏറ്റവും ഉന്നതവും ഉപകാരപ്രദവും ദൈവത്തിന് ഇഷ്ടകരവുമായ ഒന്നാണ് ന. ക. ത്താവിന്റെ പങ്കുപ്പാട്ടുകളുടെ ഭക്തി. എന്തെന്നാൽ ന. കത്താവിന്റെ പാട്ടുപീഡകളുടെ ഓർമ്മ, അവസ്സാനകാരണമായ നമ്മുടെ പാപങ്ങളിന്മേൽ വലിയ ദുഃഖവും, മേലാൽ പാപം ചെയ്യാതിരിക്കുന്നതിന് ഫലസിദ്ധിയുള്ള ഒരു മനസ്സും നമുക്കു വരുത്തുകയും, തന്റെ നേരെയുള്ള സ്നേഹത്തിൽ നമ്മെ കത്തിക്കുകയും, ആ പാട്ടുപീഡകളിൽ വിളങ്ങി ശോഭിക്കുന്ന പുണ്യങ്ങളിൽ അഭ്യസിക്കുന്നതിന് നമ്മെ അത്യന്തം ഉത്സാഹിപ്പിക്കുകയും ചെയ്യും. ഇതിനാലത്രെ "ദൈവത്തിന് ഇഷ്ടകരമായ ഒരു ജീവിതം നയിക്കുന്നതിന് അവശ്യം വേണ്ട സർവ്വ ശാസ്ത്രവും അടക്കിക്കൊള്ളുന്ന ഒരു തുറന്ന പുസ്തകമാണ് ക്രൂശിതനായ മ്ശിഹാ" എന്ന് ലോറൻസ് യുസ്തിനിയാനി പുണ്യവാൻ അഭിപ്രായപ്പെട്ടുന്നത്. നമ്മുടെ പാപങ്ങളിന്മേൽ ദുഃഖിച്ച് അനുതാപക്കണ്ണുനീർ ചിന്തണമെന്നുണ്ടെങ്കിൽ, ഈ പുസ്തകം നാം വായിക്കണം. പരിശുദ്ധമായ സ്നേഹത്താൽ ജ്വലിക്കണമെങ്കിൽ– വിഷമതകളിലും ഞെരുക്കങ്ങളിലും ശക്തി പ്രാപിക്കണമെങ്കിൽ–ഈ പുസ്തകം നാം വായിക്കണം. എത്ര കൂടെക്കൂടെ ഇതിനെ നാം വായിക്കുമോ, അത്രയും നല്ലത്. "മ്ശിഹാ നമുക്കു വേണ്ടി സഹിച്ച വേദനകളേയും നിന്ദാപമാനങ്ങളേയും പറ്റി ചിന്തിക്കുന്ന വിശ്വാസമുള്ള ഏതൊരാത്മാവാണ് തന്റെ നേക്കുള്ള സ്നേഹത്താൽ ജ്വലിക്കാതെയോ, സ്വന്ത വിശുദ്ധീകരണത്തിനു വേണ്ട സ്ഥിരമായ പ്രത്യ

ങ്ങൾ ചെയ്യാതെയോ ഉരിക്കുന്നതു്" എന്നാണു് വി. അല്ഫോൻസു് ലിഗോരി ചോദിക്കുന്നതു്. ഇതിൽനിന്നെല്ലാം നാ. കർത്താവിന്റെ പീഡാനുഭവങ്ങളിന്മേലുള്ള ഭക്തിയുടെ വൈശിഷ്ട്യം ഏറെക്കുറെ നമുക്കു മനസ്സിലാക്കാം. എന്നാൽ നമ്മുടെ ഈ ഭക്തി ഫലസിദ്ധിയുള്ളതാകണമെങ്കിൽ, നാ. ക. പാടുപീഡകളോടു് പൊതുവായതും പ്രത്യേകമായതുമായ ചില പ്രകരണങ്ങൾ കൂടെ നാം ചെയ്യേണ്ടതാണു്. അതിനു് ഉപകരിക്കുന്ന ചില പ്രകരണങ്ങളാണു് കീഴെ കൊടുക്കുന്നതു്.

I. നാ. ക. പീഡാനുഭവത്തിന്റെ 24 മണിക്രൂവകളിൽ ചെയ്യത്തക്ക പൊതുവായ പ്രകരണങ്ങൾ.

1. വിശ്വാസപ്രകരണം:– നമ്മെപ്രതി ദൈവപുത്രൻ അനുഭവിച്ച ഓരോ പീഡയും നമ്മുടെ കൺമുമ്പാകെ നാം കാണുന്നതുപോലെ വിശ്വാസക്കണ്ണുകൊണ്ടു നോക്കി സൂക്ഷിക്കുക. ആ ഓരോ പീഡയിലും പ്രകാശിക്കുന്ന തന്റെ അളവറ്റ എളിമ, ക്ഷമ, കീഴ്വഴക്കം, ദാരിദ്ര്യം, ഉപവി, സാധുശീലം മുതലായ പുണ്യങ്ങളെ നോക്കി സൂക്ഷിച്ചു് വിസ്മയിക്കുക.

2. സ്നേഹപ്രകരണം:–ഇത്രയധികം നമ്മെ സ്നേഹിച്ച ദൈവത്തെ അറുതിയില്ലാത്തവിധത്തിൽ സ്നേഹിപ്പാനാഗ്രഹിച്ചുകൊണ്ടു് മുഴുഹൃദയത്തോടും, മുഴുവാത്മാവോടും, മുഴുമനസ്സോടും, ശക്തിയൊക്കെയോടുംകൂടെ തന്നെ സ്നേഹിക്കയും എത്രയും എരിവുള്ള സ്നേഹപ്രകരണങ്ങൾ ചെയ്കയും ചെയ്ക.

3. ആരാധനയുടെയും സ്തോത്രത്തിന്റെയും പ്രകരണം:– അളവില്ലാത്ത പക്ഷത്തോടെ നമ്മെപ്രതി ഈ പീഡകളെല്ലാം അനുഭവിക്കുന്ന കർത്താവിനെ ആരാധിച്ചു വണങ്ങി, നന്ദിയും സ്നേഹവും നിറഞ്ഞ മനസ്സോടെ

ഇവയിൽ ഓരോന്നിനെയുംകുറിച്ച് തനിക്കു സ്തോത്രം ചെയ്യുക.

4. ശരണപ്രകരണം:— നമ്മെപ്രതി ഇത്ര വളരെ പീഡകളെല്ലാം അനുഭവിച്ച ആ നല്ല ദൈവം നമ്മുടെ ദുർഗ്ഗുണങ്ങളെല്ലാം നാം നീക്കുന്നതിനും എല്ലാ പുണ്യങ്ങളും നാം സമ്പാദിക്കുന്നതിനും അങ്ങനെ നാം പുണ്യപൂർണ്ണരായി തീരുന്നതിനും വേണ്ട വരം തന്റെ പീഡകളുടെ യോഗ്യതകളെക്കുറിച്ചു നമുക്കു തരുമെന്ന് ശരണമായിരിക്കുക.

5. മനസ്താപപ്രകരണം:— ഇത്ര വലിയ പക്ഷത്തോടെ നമ്മെ സ്നേഹിച്ച് ഇത്ര വളരെ നന്മകളും ദാനങ്ങളും നമുക്കു പ്രദാനം ചെയ്തിരിക്കുന്ന സർവ്വനന്മയായ കർത്താവിനെ ഉപദ്രവിച്ചതിനെക്കുറിച്ചും നമ്മുടെ പാപങ്ങൾ നിമിത്തം അതികഠിനമായ പീഡകൾ താൻ സഹിക്കുന്നതിന് നാം ഇടയാക്കിയതിനെക്കുറിച്ചും ദുഃഖിച്ച്, മനസ്താപപ്പെടുക. അവധിയില്ലാത്ത വിധത്തിൽ ദുഃഖിക്കാനും പാപങ്ങളെ വെറുക്കാനും ആഗ്രഹിക്കുക. പാപം ചെയ്യാതിരിക്കുന്നതിനുവേണ്ടിഏതു ദുരിതമെങ്കിലും അനുഭവിച്ചു മരിക്കുന്നതിനായി അപേക്ഷിക്കുക.

6. പ്രതിജ്ഞാപ്രകരണം:— ന. കർത്താവിൽ പ്രകാശിക്കുന്ന എളിമ, ക്ഷമ, കീഴ്വഴക്കം, ദാരിദ്ര്യം, സ്വയനിഗ്രഹം മുതലായ എല്ലാ പുണ്യങ്ങളെയും കണ്ടു പഠിക്കുന്നുണ്ടെന്ന് പ്രതിജ്ഞചെയ്യുക, അവ പ്രവൃത്തിയിൽ വരുത്തുന്നതിന് ഉത്സാഹിക്കുകയും പ്രതിജ്ഞകൾ ദിവസംതോറും പുതുപ്പിക്കുകയും ചെയ്യുക.

. അപേക്ഷാപ്രകരണം:— നമുക്കാവശ്യമുള്ള സകല നന്മകളും പൂർണ്ണമായ ശരണത്തോടെ അപേക്ഷിക്കുക. തന്റെ പാടുപീഡകളുടെ അളവറ്റ യോഗ്യതകളെക്കുറിച്ച് നമ്മുടെ പാപങ്ങളുടെ പൊറുതിയും, നമുക്കാവശ്യമായ എല്ലാ പുണ്യങ്ങളും നൽകിയരുളണമെന്ന്

അപേക്ഷിക്കുക. അങ്ങനെതന്നെ ശേഷംപേക്കും താൻ ഓരോ നന്മ സഹായം ചെയ്യുകൊടുക്കുന്നതിനായും അപേക്ഷിക്കുക. കുരിശു ചുമക്കുന്നതിൽ തന്നെ സഹായിക്കാൻ ശിമഓന്നു് ഇടവരുത്തിയതുപോലെ നമുക്കും ചെയ്യുന്നതിനും, നല്ല കള്ളനു് പറുദീസ പറഞ്ഞൊത്തതുപോലെ നമുക്കും പ്രത്യേകം മൌതികമായ ദൈവൈക്യവും (Unio mystica) ദൈവേഷ്ടപ്രസാദത്തിൽ അവസാനംവരെയുള്ള നിലനിൽപും നൽകുന്നതിനും, തന്റെ അമ്മയെ, യോഹന്നാനു് അമ്മയായും, അമ്മയ്ക്കു് യോഹന്നാനെ മകനായും കൊടുത്തതുപോലെ, നമുക്കും ചെയ്യുന്നതിനും വേണ്ടി അപേക്ഷിക്കുക.

II. ന. ക. പീഡാനുഭവങ്ങളുടെ 24 മണിക്കൂറുകളിൽ ഓരോന്നിലും ചെയ്യത്തക്ക പ്രത്യേക പ്രകരണങ്ങൾ.

ഉച്ച കഴ. മണി 6.

"ന. കത്താവു് അമ്മയോടു് യാത്ര പറയുന്നു." താൻ നമുക്കുവേണ്ടി മരിക്കുന്നതിനായി പോകുന്നതിനു് അമ്മയോടു് അവസാനയാത്ര പറയുന്നു.

പ്രകരണങ്ങൾ:– സ്നേഹം നിറഞ്ഞ എന്റെ കത്താവേ! നിന്റെ സ്നേഹത്തെപ്രതി ഞാനും എന്റെ മാതാപിതാക്കന്മാർ മുതലായ ഏവരേയും, സവ്വവസ്തുക്കളേയും ഉപേക്ഷിക്കുന്നു. ഇവയെല്ലാം വേണ്ടുംവിധം ഉപേക്ഷിക്കാൻ എനിക്കു നീ കൃപചെയ്യണമെ.

മണി 7.

"ന. കത്താവു് ഒട്ടകത്തെ അത്താഴം കഴിക്കുന്നു." താൻ ഒട്ടകത്തെ അത്താഴത്തിൽവെച്ചു് തന്റെ ശിഷ്യരുടെ കാലുകൾ കഴുകി, എളിമയുടെ ദൃഷ്ടാന്തം കാണിക്കുകയും ഉപദേശം നൽകുകയും ചെയ്യുന്നു.

പ്രകരണം:– കർത്താവേ! ഞാൻ എന്നെത്തന്നെ നല്ലതിൻവണ്ണം അറിഞ്ഞു, നേരായ എളിമയുള്ളവനായിരിക്കാനും, സകലക്കും ഉപകാരം ചെയ്യത്തക്കവണ്ണം നിന്നെ കണ്ടുപഠിക്കാനും എനിക്ക് നീ കൃപചെയ്യണമെ. സാക്ഷാലുള്ള എളിമയോടും വലിയ ഹൃദയശുദ്ധിയോടും കൂടെ നിന്റെ സ്നേഹത്തിന്റെ ക്രമാശയ്ക്കണയുവാനും അനുഗ്രഹം ചെയ്യണമെ. ഈ പുണ്യങ്ങളിലും അഭ്യസിച്ചുകൊണ്ട് പരി. കുർബാന ഞാൻ സ്വീകരിക്കുന്നതാണ്. എന്നെ സഹായിക്കണമെ.

മ. 8.

"ന. കർത്താവു സ്നേഹത്തിന്റെ ക്രമാശ സ്ഥാപിക്കുന്നു." താൻ സ്നേഹഭ്രാന്തനായി തന്നെത്താൻ താഴ്ത്തിക്കൊണ്ടും സ്വപ്നിന്ദാപമാനങ്ങൾക്കും തന്നെ കയ്യാളിച്ചുകൊണ്ടും ഇതാ, ശുദ്ധ കുർബാന വഴിയായി എന്നെന്നും തന്നെത്താൻ പൂർണ്ണമായി നമുക്ക് തരുന്നു.

പ്രകരണം:– ഹാ! അളവറ്റ സ്നേഹമേ, നിന്നെ ഞാൻ അറുതിയില്ലാത്തവിധത്തിൽ സ്നേഹിക്കാനാഗ്രഹിക്കുന്നു. എന്നെ മുഴുവനും നിനക്ക് ഞാൻ പൂജിക്കുന്നു. എന്നിൽ നിന്റെ സന്തോഷം കണ്ടെത്തിയ ഈശോയേ, എന്റെ സന്തോഷവും തൃപ്തിയും മുഴുവനും നീയാകുന്നു. നിന്റെ സക്രാരിയിൽനിന്ന് ഞാനൊരിക്കലും അകന്നുപോകയില്ല. ആത്മീയമായവിധത്തിൽ കൂടെക്കൂടെയും, ക്രമാശയ്ക്കടുത്ത പ്രകാരത്തിൽ കഴിവുള്ളപ്പോഴൊക്കെയും നിന്നെ ഞാൻ സ്നേഹത്തോടെ കൈക്കൊള്ളുന്നതാണ്. നിന്റെ ഈ അളവറ്റ സ്നേഹത്തിന് ഞാൻ പ്രതിസ്നേഹം കാണിക്കുന്നതായിരിക്കും. ഈ സ്നേഹത്തിന്റെ ക്രമാശയിൽ നീ എഴുന്നള്ളിയിരുന്നുകൊണ്ട് അനുഭവിക്കുന്ന നിന്ദാപമാനങ്ങൾക്ക് പരിഹാരമായിട്ടും, നീ കാണിക്കുന്ന അളവറ്റ സ്നേഹത്തിനും, ചെയ്യുന്ന അനവധി നന്മയുപകാരങ്ങൾക്കും പ്രതിസ്നേഹവും, നന്ദിയും, സ്തോത്രവുമായിട്ടും ഇഹത്തിലും പരത്തിലും സകല വി

ശുദ്ധരും, മാലാഖമാരും, മനുഷ്യരും, ചെയ്യുന്നതും ചെയ്യുന്നതും അവക്കു ചെയ്യാൻ പാടുള്ളതുമായ സർവ്വസ്തോത്രപക്ഷങ്ങൾ, ജപതപങ്ങൾ, സ്തുതിനമസ്കാരങ്ങൾ, പാടുപീഡകൾ ആദിയായ സകല പുണ്യപ്രവൃത്തികളും, യോഗ്യതകളും എന്നെന്നും നിനക്കു ഞാൻ കാഴ്ചവെയ്ക്കുന്നു. എനിക്കു ഭോജനമായിത്തീർന്ന കർത്താവേ, ഞാനുംനിന്റെ സ്നേഹത്തിനിരയായിതീരട്ടെ. ലോകത്തെ ദഹിപ്പിക്കുന്നതിനു അഗ്നിയായി വന്നു ഈ സക്രാരിയിൽ ഇരിക്കുന്ന നീ, എന്നെയും ദഹിപ്പിക്കണമെ. നിന്റെ തിരുസ്സന്നിധിയിൽ എരിയുന്ന വിളക്കിലേ ദീപംപോലെ, നിന്റെ തിരുമുമ്പാകെ ഇടവിടാതെ എരിയുന്ന ഒരു ബലിവസ്തു ഞാൻ ആയിരിക്കട്ടെ

മ. 9.

"ന. കർത്താവു് സൈത്തുതോട്ടത്തിൽ ചെന്നു് ധ്യാനിക്കുന്നു." താൻ സഹിക്കാനിരുന്ന പാടുപീഡകൾ കണ്ടു്, കഴിയുമെങ്കിൽ, അവ, തന്നിൽനിന്നു് അകറ്റണമെന്നും, എങ്കിലും തന്റെ ഇഷ്ടമല്ല, ദൈവേഷ്ടം നിറവേറട്ടെയെന്നുമപേക്ഷിക്കുന്നു.

പ്രകരണം:— എന്റെ കർത്താവേ, എനിക്കുണ്ടാകുന്ന സകല ദുഃഖങ്ങളിലും. അരിഷ്ടതകളിലും നിന്റെ തിരുമനസ്സിനു് മുഴുവനായകംവണ്ണം ഞാൻ കീഴ്വഴങ്ങി അവയെ സന്തോഷത്തോടെ സഹിച്ചുകൊള്ളാം. സന്തോഷത്തിലും, ദുഃഖത്തിലും, സൌഭാഗ്യത്തിലും, ദുർഭാഗ്യത്തിലും, നന്മയിലും, തിന്മയിലും, ആത്മശരീരകാര്യങ്ങളിലും, ഈ ലോകത്തിലും, പരലോകത്തിലും, കാലത്തിലും, നിത്യത്വത്തിലും നിന്റെ തിരുമനസ്സു മാത്രം നിറവേറട്ടെ.

മ. 10.

"ന. കർത്താവു് രക്തം വിയർക്കുന്നു." മനുഷ്യരുടെ പ്രത്യേകം സന്യാസികൾ മുതലായവരുടെ നന്ദികേടുകൾ താൻ ധ്യാനത്തിൽ കണ്ടു് രക്തം വിയർക്കുന്നു.

പ്രകരണം:— കത്താവേ, ഇനിയും എന്റെ നന്ദി കേട്ടകളാൽ നിന്നെ ഉപദ്രവിക്കാതെ നിശ്ചയമായും നിന്നെ ഞാൻ സ്നേഹിക്കയും, നിന്നോട് നന്ദിയുള്ളവനായിരിക്കയും ചെയ്യുന്നതാണ്. ഈ ധ്യാനത്തിന്മേൽ അതിയായ പക്ഷവും, നല്ല സൂക്ഷവും, തക്ക ഫലത്തേടുക്കുടെ അവ നിവൃഹിക്കാനുള്ള വരവും എനിക്ക് നീ തന്നരുളണമേ. എല്ലാറ്റിലും എന്നെ ബലപ്പെടുത്തുകയും, ശക്തിപ്പെടുത്തുകയും ചെയ്യണമെ. നിനക്കായി വല്ലതും ചെയ്യാൻ എനിക്ക് നീ കൃപചെയ്യണമെ.

മ. 11.

"നാ. കത്താവിനെ യൂദാസ് ഒറ്റിക്കൊടുക്കുന്നു." തന്റെ പ്രിയ ശിഷ്യരിൽ ഒരുവനായ യൂദാസ് തന്നെ മുത്തിക്കൊണ്ട് കാണിച്ചുകൊടുക്കയും, ശിഷ്യർ ഏവരും തന്നെ ഉപേക്ഷിച്ച് ഓടിപ്പോകയും, അനന്തരം യൂദന്മാർ തന്നെ പിടിച്ചുകൊണ്ട് പോകയും ചെയ്യുന്നു.

പ്രകരണം:— കത്താവേ, എന്റെ ഉപകാരികൾ, സ്നേഹിതർ മുതലായവർ എന്നോട് ചെയ്യുന്ന ഉപദ്രവങ്ങൾ സന്തോഷത്തോടെ ഞാൻ സഹിക്കുന്നതാണ്. അയോഗ്യമായ കുർബാന കൈക്കൊള്ളൽ വഴിയായും, ദുർമാതൃകയാലും നിന്നെ ഒറ്റിക്കൊടുക്കാതെ, യോഗ്യമായ ദിവ്യകാരുണ്യസ്വീകരണംവഴി നിന്നെ സന്തോഷിപ്പിക്കാനും, സൽമാതൃകയാൽ സഹോദരരെ നിന്റെ സ്നേഹത്തിലേക്കാകർഷിക്കാനും എനിക്ക് നീ കൃപചെയ്യണമെ. ഏവരും എന്നെ ഉപേക്ഷിച്ചാലും, എത്ര വലിയ കഷ്ടതകൾ എനിക്ക് അനുഭവപ്പെട്ടാലും ഞാൻ നിന്നെ ഉപേക്ഷിക്കാതെയും, നിന്നാൽ ഉപേക്ഷിക്കപ്പെടാതെയും ഇരിക്കത്തക്കവണ്ണം നിന്റെ സ്നേഹത്തിൽ വിശ്വസ്തനായിരിക്കാൻ കൃപചെയ്യണമെ. എന്റെ നന്ദികേടുകളെല്ലാം നീ കണ്ട് ദുഃഖിച്ച രക്തം വിയർത്തതിനെയും, എന്നെക്കുറിച്ച് സ്വർഗ്ഗീയപിതാവിനോട് നിന്നെത്തന്നെ കയ്യാളിപ്പാൻ തക്ക ഔദാര്യസ്നേഹത്തോടെ എന്നെ

സ്നേഹിച്ച കർത്താവേ, നിന്റെ സ്നേഹത്തിന്ന് ഞാ
നെങ്ങനെ പ്രതിസ്നേഹം കാണിക്കും?

അർദ്ധരാത്രി മ. 12.

"ന. കർത്താവു് മേൽപട്ടക്കാരന്റെ പക്കൽ കൊ
ണ്ടുപോകപ്പെട്ടന്ന." വളരെ അപമാനത്തോടും, ദുഃഖ
ത്തോടുംകൂടെ ബന്ധിതനായി യൂദന്മാർ തന്നെ മേൽപട്ട
ക്കാരന്റെ പക്കലേക്കു കൊണ്ടുപോകയും, അവിടെവെച്ചു
തന്നെ അന്യായമായി കുറ്റപ്പെടുത്തുകയും, തന്റെ കന്ന
ത്തിൽ അടിക്കയും ചെയ്യുന്നു.

പ്രകരണം:— എന്നെ ആദരിക്കേണ്ടവരിൽ നിന്നു്
എനിക്കുണ്ടാകുന്ന ശിക്ഷകളും, ന്യായരഹിതമായ ഉപദ്ര
വങ്ങളും സന്തോഷത്തോടെ സഹിക്കാൻ കർത്താവേ,
എനിക്കു നീ കൃപചെയ്യണമെ. വലത്തെ കന്നത്തിൽ
അടിക്കുന്നവന്നു് ഇടത്തേതുകൂടെ കാണിച്ചുകൊടുക്കത്ത
ക്ക ക്ഷമ എനിക്കു നീ തരണമെ.

മ. 1.

"ന. കർത്താവിന്റെ തിരുമുഖത്തിൽ സേവകന്മാർ
തുപ്പുന്നു." തന്നെ നിന്ദിച്ചു് അപമാനിക്കയും തന്റെ
തിരുമുഖത്തിൽ തുപ്പുകയും ചെയ്യുന്നു.

പ്രകരണം:— എന്നോടു് ചെയ്യപ്പെട്ടന്ന എല്ലാവി
ധ നിന്ദാപമാനങ്ങളും, ഉപദ്രവങ്ങളും സന്തോഷത്തോ
ടെ ഞാൻ സഹിക്കുന്നതാണു്. നിന്ദാപമാനങ്ങൾക്കും,
തുപ്പലിനും നിന്റെ മുഖം തിരിക്കാത്തതിൻവണ്ണം ഞാ
നും ചെയ്യുന്നതിനും, എന്റെ ദൃഷ്ടി മറ്റുള്ളവക്കു് ഉത
പ്പിനു് കാരണമാകാതെ അതിനെ ഞാൻ സൂക്ഷിക്കുന്ന
തിനും കർത്താവേ, എന്നെ നീ സഹായിക്കണമെ.

മ. 2.

"ന. കർത്താവിന്റെ കണ്ണുകെട്ടി അടിക്കുന്നു." ദുഷ്ട
ന്മാർ തന്റെ കണ്ണുകെട്ടി തന്നെ അടിക്കയും നിന്ദിച്ച
പമാനിക്കയും ചെയ്യുന്നു.

പ്രകരണം:– ഇപ്രകാരം എന്നെ ഭോഷനും അംഗഹീനനുമാക്കി നിന്ദിക്കുന്നവക്കുവേണ്ടി ഞാനപേക്ഷിക്കുന്നതാണ്. കത്താവേ, എന്നെ നീ സഹായിക്കണമെ.

മ. 3.

"ന. കത്താവിനെ പാറാവിലാക്കുന്നു." തന്നെ പാറാവിലാക്കിയശേഷം, താൻ അവിടെവെച്ച് വളരെ കഷ്ടതകളനുഭവിക്കുന്നു. വി. പത്രോസ് തന്നെ ഉപേക്ഷിക്കുന്നു. അയാളെ താൻ മാനസാന്തരപ്പെടുത്തുന്നു.

പ്രകരണം:– എന്റെ കത്താവേ, എനിക്കനുഭവപ്പെടുന്ന എല്ലാ സങ്കടങ്ങളും സന്തോഷത്തോടെ ക്ഷമിക്കുന്നതിനും എന്നിൽതന്നെ ഞാൻ ശരണപ്പെടാതിരിക്കുന്നതിനും, ഞാൻ പാപത്തിൽ വീഴാതിരിക്കുന്നതിനും, വീണുപോയാൽ അതിനെക്കുറിച്ചു വി. പത്രോസിനെപ്പോലെ മനസ്താപപ്പെടുന്നതിനും, നിന്നെ സ്നേഹിക്കുന്നതിനും എനിക്ക് നീ കൃപചെയ്യണമെ.

മ. 4.

"ന. കത്താവിനെ യൂദന്മാർ മരണത്തിന് വിധിക്കുന്നു." യൂദന്മാരുടെ വലിയ ആലോചനാസംഘത്തിലേയ്ക്ക് തന്നെ കൊണ്ടുപോയി അവിടെവെച്ച് താൻ മരണത്തിന് യോഗ്യനെന്നു അവർ വിധിക്കുന്നു.

പ്രകരണം:– എന്റെ ബന്ധുസംബന്ധികളും, സ്നേഹിതർ ഉപകാരികളും ഏതെല്ലാം ഉപദ്രവങ്ങൾ എന്നോടു ചെയ്യുമ്പോഴും എന്തെല്ലാം ഇല്ലാത്ത കുറ്റങ്ങൾ ചുമത്തി ശിക്ഷക്കു എന്നെ വിധിച്ചാലും സന്തോഷത്തോടെ അവയെ സഹിക്കാൻ കത്താവേ, എന്നെ നീ സഹായിക്കുണമേ.

മ. 5.

"ന. കത്താവിനെ പീലാത്തോസിന്റെ പക്കൽ കൊണ്ടുപോകുന്നു." തന്നെ പീലാത്തോസിന്റെ ന്യായാസനത്തിൽവെച്ച് അന്യായമായി കുറ്റം ചുമത്തുന്നു.

പ്രകരണം:– എന്നെ ഏതു ന്യായസ്ഥലത്തിലെങ്കിലും, ആരുടെമുമ്പാകെയെങ്കിലും കുറ്റപ്പെടുത്തിയാലും എല്ലാം സന്തോഷത്തോടെ സ്വീകരിച്ചു് അവക്കു് നന്മ ചെയ്യുന്നതിനു് കർത്താവേ, എനിക്കു നീ കൃപചെയ്യണമെ.

ഉപസ്സ മ. 6.

"ന. കർത്താവിനെ ഭ്രാന്തനെപ്പോലെ നിന്ദിക്കുന്നു." താൻ ഹേറോദേസിന്റെ പക്കൽ അയക്കപ്പെട്ടിട്ടു്, അവിടെവച്ചു് അവർ തന്നെ ഭ്രാന്തനാക്കി നിന്ദിക്കുന്നു.

പ്രകരണം:– നിത്യബോധജ്ഞാനമേ, ഭോഷനായ എന്റെ അഹങ്കാരത്തേയും അഹംഭാവത്തേയുംകുറിച്ചു്, നീ ഭ്രാന്തനെപ്പോലെ നിന്ദിക്കപ്പെട്ടവല്ലോ. ഞാനും ഭോഷനെപ്പോലെയും, ഭ്രാന്തനെപ്പോലെയും നിന്ദിക്കപ്പെട്ടന്നെങ്കിൽ അതിനെ സന്തോഷത്തോടെ സഹിക്കുന്നതിനു എന്നെ നീ സഹായിക്കണമെ.

മ. 7.

"ന. കർത്താവിനെ, ബർ അമ്പായെന്ന കള്ളനോടു തുല്യനാക്കുന്നു." തന്നെ ബർ അമ്പായെന്ന കള്ളനോടു തുല്യനാക്കി, അവനെക്കാൾ ദുഷ്ടനെന്നോണം അവനെ വിട്ടയപ്പാനും, തന്നെ കൊല്ലുവാനും ജനങ്ങൾ അപേക്ഷിക്കുന്നു.

പ്രകരണം:– ഹാ! കർത്താവേ, എല്ലാവക്കും ജീവൻ നൽകുന്ന കുറ്റമില്ലായ്മതന്നെയായ നിന്നോടു്, ഒരു കള്ളനും കൊടുപാതകക്കാരനും ആയ ഒരുവനോടു് ചെയ്യപ്പെട്ട വിധത്തിലെങ്കിലും പ്രവർത്തിക്കാതെ, അവനെ വിട്ടയക്കുവാനും, നിന്നെ കൊല്ലുവാനും അപേക്ഷിക്കുവാൻ തക്കവണ്ണം നീ സമ്മതിച്ചുവല്ലോ. സപ്പുശിക്ഷക്കും യോഗ്യനായ ഞാൻ എത്ര ദുഷ്ടനും ഹീനനുമായി വിചാരിക്കപ്പെട്ടിരുന്നാലും, ഏതെല്ലാം ശിക്ഷക്കു് വിധിക്കപ്പെട്ടിരുന്നാലും, എന്റെ യോഗ്യതക്കു് തക്കതിൻവ

ണ്ണം അവയെല്ലാം സന്തോഷത്തോടെ സ്വീകരിക്കാൻ എനിക്ക് നി കൃപചെയ്യണമെ.

മ. 8.

"ന. കത്താവിന്റെ, കൽത്തുണിൽ കെട്ടി അടിക്കുന്നു." തന്നെ കൽത്തുണിമേൽ കെട്ടി, ചമ്മട്ടികൾകൊണ്ട് സേവകന്മാർ അടിച്ചു്, തന്റെ മാംസമെല്ലാം ചിതറിക്കുന്നു.

പ്രകരണം:— മാംസേച്ഛയാൽ ഞാൻ ചെയ്യുപാപങ്ങൾക്ക് നിന്റെ മാംസം ചിതറിക്കപ്പെട്ടു് പരിഹാരം ചെയ്വാൻ തിരുമനസ്സായ കത്താവേ, ഒരല്പമായ അശുദ്ധവിചാരത്താൽപോലും നിന്നെ ഉപദ്രവിക്കാതിരിക്കാനും, എനിക്കുണ്ടാകുന്ന സകല ശരീരവികാരങ്ങളും നിന്റെ ഈ പീഡയോടു് സന്തോഷത്തോടെ സഹിക്കുവാനും എനിക്ക് നി കൃപചെയ്യണമെ.

മ. 9.

"ന. കത്താവിനെ മൽമുടി ധരിപ്പിച്ചു് ജനങ്ങളെ കാണിക്കുന്നു." തന്നെ മൽമുടി ധരിപ്പിച്ചശേഷം "ഇതാ മനുഷ്യപുത്രൻ" എന്നു് പറഞ്ഞു, പ്രലാപകരസ്ഥിതിയിൽ ജനങ്ങൾക്ക് കാണിക്കുന്നു.

പ്രകരണം:— വിചാരത്താലുള്ള പാപങ്ങൾക്കും, സ്ഥാനമാനാഗ്രഹങ്ങൾക്കും മൽമുടിധാരണത്താൽ പരിഹാരം ചെയ്യു കത്താവേ, ഇതുകളിന്മേൽ മനസ്താപകണ്ണുനീർ ചിന്തി ഇവയെ ഞാൻ വെറുക്കുന്നു. ഞാൻ ആരുടെ പക്കലെങ്കിലും, ഏതു വിധത്തിലെങ്കിലും, നിന്ദിക്കപ്പെട്ടിരുന്നാലും, ഏതുവിധ ശിക്ഷാവിധിക്കെങ്കിലും, വിധിക്കപ്പെട്ടിരുന്നാലും, സന്തോഷത്തോടെ എല്ലാം സഹിക്കുവാൻ കൃപചെയ്യണമെ. നിന്റെ വിജയഘോഷനാൽ, നീ ധരിച്ചിരുന്ന ഈ രാജമുടി കണ്ടു് നിന്നെ സ്നേഹിക്കാത്തവനാർ?

മ. 10.

"ന. കത്താവിനെ മരണത്തിനു് വിധിച്ചു്, ഗാഗുൽ

ത്താമലക്ക് കൊണ്ടുപോകുന്നു.” പീലാത്തോസ് തന്നെ മരണശിക്ഷക്കു വിധിച്ചശേഷം ഗാഗുൽത്താമലയിലേയ്ക്കു കുരിശും ചുമന്നുകൊണ്ട് പോകുന്നു. വഴിയിൽ പല പ്രാവശ്യം വീഴുകയും, മാതാവിനെ കണ്ട് ദുഃഖിക്കയും ചെയ്യുന്നു.

പ്രകരണം:– എന്നെപ്രതി മരണവിധിയേറ്റ കത്താവേ, എന്നെ നിത്യമരണത്തിൽനിന്ന് രക്ഷിക്കണമെ. എന്റെ ജീവിതത്തിലെ കുരിശുകളെ ചുമക്കുന്നതിൽ അവസാനം വരെ നിന്നെ പിന്തുടരുവാനും, എത്ര പ്രാവശ്യം വീണാലും ധൈര്യത്തോടെ എഴുന്നേൽക്കുവാനും എനിക്ക് നീ കൃപചെയ്യണമേ. ഇനി എന്റെ പാപത്താൽ നിന്നെ വീഴിക്കാതിരിക്കുവാനും, കുരിശുചുമക്കുന്നതിൽ നിന്നെ സഹായിക്കുവാനും എന്നെ സഹായിക്കണമേ.

മ. 11.

“ന. കത്താവിനെ കുരിശിന്മേൽ തറയ്ക്കുന്നു.” തന്റെ വസ്ത്രം ഉരിഞ്ഞെടുത്തു, തന്നെ കുരിശിന്മേൽ തള്ളിയിട്ട്, തന്റെ കൈകാലുകൾ പിടിച്ചുവലിച്ച് കുരിശിന്മേൽ ആണികൾകൊണ്ടു തറയ്ക്കുന്നു.

പ്രകരണം:– എന്റെ നേരെയുള്ള നിന്റെ സ്നേഹത്താൽ എത്രയും അപമാനകരമായ കുഴമരത്തിന്മേൽ തൂങ്ങിമരിക്കാൻ തിരുമനസ്സായ കത്താവേ, ഞാനും നിന്റെ നേരെയുള്ള സ്നേഹത്താൽ അപമാനങ്ങളും, നിന്ദകളും, ദുഃഖസങ്കടങ്ങളും നിറഞ്ഞു കുരിശിന്മേൽ തൂങ്ങിമരിക്കാൻ ഒരുങ്ങിയിരിക്കുന്നു. ഞാൻ പാപത്തിനും, ലോകത്തിനും, എനിക്കുകൂടെയും മരിച്ചവനായി ജീവിക്കാൻ എനിക്ക് നീ കൃപചെയ്യണമേ. എന്റെ തന്നിഷ്ടത്തേയും, ആശാപാശങ്ങളേയും കുരിശിന്മേൽ തറക്കുവാൻ അനുഗ്രഹം ചെയ്യണമേ.

മദ്ധ്യാഹ്നം മ. 12.

“ന. കത്താവു് കുരിശിന്മേൽ ഉയർത്തപ്പെടുന്നു” താൻ രണ്ടു കള്ളന്മാരുടെ മദ്ധ്യേ തൂങ്ങിക്കിടന്ന് അരുളി

ച്ചെയ്യു ഏഴു വാക്യങ്ങളിൽ ഒന്നാമത്തേതിൽ, തന്നെ കുരിശിന്മേൽ തറച്ചവക്കുവേണ്ടി പ്രാർത്ഥിക്കയും; രണ്ടാമത്തേതിൽ, നല്ല കള്ളനു് പറുദീസാ പറഞ്ഞൊക്കുകയും ചെയ്യുന്നു.

പ്രകരണം:— കർത്താവേ, ഞാൻ പാപികളോടും ദുഷ്ടന്മാരോടുംകൂടെ എണ്ണപ്പെടുന്നതു് സഹിക്കുവാൻ എനിക്കു നീ കൃപചെയ്യണമേ. എനിക്കു് പാപപ്പൊറുതി തരണമേ. എന്റെ ശത്രുക്കളെ സ്നേഹിക്കാനും, എന്നെ ഉപദ്രവിക്കുന്നവരോടു് ക്ഷമിക്കാനും കൃപചെയ്യണമേ. പറുദീസാ പ്രത്യേകം മൌതികവും, യഥാർത്ഥവുമായ ദൈവൈക്യം (Unio mystica, introvertio essentialis) എനിക്കു് നീ പറഞ്ഞൊക്കുക. നിന്നിലോട്ടു് എന്നെ ആകർഷിക്കണമേ.

മ. 1.

"ന. കർത്താവു് കുരിശിന്മേൽ കിടന്നു് തന്റെ അമ്മയെ കണ്ടുകൊണ്ടു് തന്റെ അ വാത്സല്യമാതാവിനു്, വി. യോഹന്നാനെ മകനായും; വി. യോഹന്നാനു്, അ ദിവ്യമാതാവിനെ അമ്മയായും കയ്യാളിക്കുന്നു".

പ്രകരണം:— ഈ മാതാവു് എനിക്കു ഒരു യഥാർത്ഥ മാതാവായിരിക്കുവാൻ തക്കവണ്ണം ഞാൻ ഈ മാതാവിന്റെ സാക്ഷാലുള്ള മകനായി വ്യാപരിക്കുവാൻ കർത്താവേ, എനിക്കു നീ കൃപചെയ്യണമേ. ഈ അമ്മയുടെ നേരെ പുത്രസഹജവും, യഥാർത്ഥവുമായ ഒരു മനോവിശ്വാസവും, സ്നേഹവും, സന്തുഷ്ടിയും എനിക്കു് നീ തരണമേ.

മ. 2.

"ന. കർത്താവു് കുരിശിൽ കിടന്നുകൊണ്ടു് എന്റെ ദൈവമേ, എന്തുകൊണ്ടു് എന്നെ നീ ഉപേക്ഷിച്ചു." "എനിക്കു് ദാഹിക്കുന്നു." "ഇതാ, എല്ലാം നിറവേറിയിരിക്കുന്നു" എന്നീ തിരുവാക്യങ്ങൾക്രമേ അരുളിച്ചെയ്യുന്നു.

പ്രകരണം:— കർത്താവേ, എല്ലാവരാലും ഞാൻ ഉപേ

ക്ഷിക്കപ്പെട്ടാലും പ്രത്യേകം ജ്ഞാനാരോചകവും മറ്റും സന്തോഷത്തോടെ ക്ഷമിക്കണം, നിന്നാൽ മാത്രം ഉപേക്ഷിക്കപ്പെടാതിരിക്കണം എനിക്ക് നീ കൃപചെയ്യണമെ. എന്റെ ആത്മരക്ഷയും, എന്റെ പ്രതിസ്നേഹവും ദാഹിക്കുന്ന എന്റെ കർത്താവേ, എന്റെ രക്ഷയുടെ കാര്യം നിന്നെ ഏല്പിക്കയും, എന്റെ സ്നേഹവും, ഹൃദയവും, മനസ്സും മുഴുവനായി നിനക്കു തരികയും ചെയ്യുന്നു. എന്നെക്കുറിച്ച് എല്ലാം നിറവേറ്റിയ കർത്താവേ, ഞാൻ മരിക്കുന്നതിനു മുമ്പായി നിന്നെപ്രതി വല്ലതുമെങ്കിലും ചെയ്യാനിടയാക്കണമെ.

മ. 3.

"നാ. കർത്താവു് മരിക്കുന്നു." മൂന്നുമണിക്കുമുമ്പേരം കുരിശിൽ കിടന്നു് അതികഠിനമായ ദുഃഖമനുഭവിച്ചു് "എന്റെ പിതാവേ, നിന്റെ കയ്യിൽ എന്റെ ആത്മാവിനെ ഞാൻ കയ്യാളിക്കുന്നു" എന്നുച്ചത്തെ വലിയ സ്വരത്തിൽ ഉച്ചരിച്ചുകൊണ്ടു് നമുക്കുവേണ്ടി മരിക്കുന്നു.

പ്രകരണം — ഹാ! എന്റെ സ്നേഹമേ, നിന്റെ ഭിവ്യായുസ്സിനെ ഇല്ലാതാക്കിയ എന്റെ നേരെയുള്ള നിന്റെ സ്നേഹം, നിന്റെ നേരെയുള്ള എന്റെ സ്നേഹത്തെ എരിയിച്ചു്, എന്റെ നിസ്സാരായുസ്സിനെ ഇല്ലാതാക്കി, എനിക്കായിതന്നെ എന്നെ മരിച്ചവനായി, നിനക്കായി മാത്രം എന്നെ ജീവിപ്പിക്കട്ടെ. നിന്നോടു് എന്നെ ചേർത്തുകെട്ടുകയും, നിന്നോടുകൂടെ എന്നെയും കുരിശിൽ തറയ്ക്കുകയും ചെയ്യണമേ. ഇനി ഞാൻ ജീവിക്കുന്നില്ല; നീ എന്നിൽ ജീവിക്ക; നിന്റെ എളിമ, ക്ഷമ, കീഴ്വഴക്കം, ഉപവി ആദിയായ പുണ്യങ്ങൾ മാത്രം എന്നിൽ ജീവിക്കട്ടെ. അതെ, എന്റെ സ്നേഹമേ, ഇനി എന്റെ കണ്ണുകൊണ്ടു് നീ കാണുക; എന്റെ ചെവികൊണ്ടു് നീ കേൾക്കുക; എന്റെ നാക്കുകൊണ്ടു് നീ പറയുക; എന്റെ ഓരോ ഇന്ദ്രിയംകൊണ്ടും നീ പ്രവർത്തിക്കുക. നിന്റെ തൃക്കരങ്ങളിൽ എന്നെ ഞാൻ ഏല്പിക്കുന്നു: അതേ,

80836

ﻳﻮﺣﻨﺎ ..... ﻳﻮﺣﻨﺎ ﺑﺎﺑﺎ ﺣﺒﻴﺒﻪ ﻳﻮﺣﻨﺎ :

ﻳﻮﺣﻨﺎ ﺑﺎﺑﺎ ﻣﺴﻴﺤﺎ ﻛﻴ ﻳﻮﺣﻨﺎ ﺑﺎﺑﺎ ﻣﺴﻴﺤﺎ :

ﻳﻮﺣﻨﺎ ﺑﺎﺑﺎ ﻣﺴﻴﺤﺎ :

"ഞാൻ ..... നിമിത്തം മരിച്ചിരിക്കുന്നു. മ്ശിഹായോടുകൂടെ കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ ഇനി ഞാനല്ല ജീവിക്കുന്നത്; മ്ശിഹാ എന്നിൽ ജീവിക്കുന്നു". (ഗാലത്തിയാക്കാർക്കുള്ള ലേഖനം II. 19–20.) എന്ന് ശ്ലീഹായോടുകൂടെ ധൈര്യമായി പറയുവാൻ ഇടയാക്കണമെ.

മ. 4.

"ന. കർത്താവിന്റെ തിരുവിലാവിൽ ഒരു സേവകൻ കുന്തംകൊണ്ട് കുത്തുകയും, തിരുശരീരം മാതാവിന്റെ മടിയിൽ ഇറക്കി കിടത്തുകയും ചെയ്തു." തന്റെ തിരുവിലാവ് കുത്തിത്തുറക്കപ്പെട്ട് അവസാനത്തെ രക്തവും, വെള്ളവും ഒഴുകുകയും, തിരുമേനി വ്യാകുലമാതാവിന്റെ മടിയിൽ ഇറക്കി കിടത്തപ്പെടുകയും ചെയ്തു.

പ്രകരണം:– കർത്താവേ, നിന്റെ തിരുവിലാവിൽ എന്നെ മറച്ചുവെച്ച് എന്റെ ശത്രുക്കളിൽനിന്ന് എന്നെ രക്ഷിക്കണമെ. എന്റെ സങ്കേതം, നിന്റെ തിരുവിലാവും, എന്റെ സ്നേഹം, നിന്റെ പിളർക്കപ്പെട്ട ഹൃദയവുമായിരിക്കട്ടെ. എന്റെ നേരെയുള്ള സ്നേഹത്താൽ, അവസാനത്തുള്ളിവരെ രക്തം ചിന്തുവാൻ തിരുമനസ്സായ സ്നേഹഈശോയേ, ഞാനും നിന്റെ സ്നേഹത്തെപ്രതി എന്റെ ഒടുവിലത്തെത്തുള്ളിവരെ രക്തം ചിന്തുവാൻ മനസ്സായിരിക്കുന്നു. പരി. മാതാവ് മടിയിൽവെച്ച് നിന്നെ തഴുകി മുത്തി, കണ്ണുനീരുകൊണ്ട് കഴുകിയതുപോലെ, നിന്റെ ഹൃദയത്തിൽ എന്നെ എപ്പോഴുംവെച്ച് തഴുകി മുത്തി, നിനക്ക് വരുത്തിയ ദോഷങ്ങളി

DHARMARAM COLLEGE LIBRARY

മേൽ ഇടവിടാതെ കരഞ്ഞുകൊണ്ട് നടക്കുന്നതിനും, ഈ വ്യാകുലയമ്മയുടെ വ്യാകുലം എന്റെ പാപത്താൽ ഞാൻ വർദ്ധിപ്പിക്കാതിരിക്കുന്നതിനും എനിക്കു നീ കൃപ ചെയ്യണമെ.

മ. 5.

"നം. കർത്താവിന്റെ തിരുശ്ശരീരം കല്ലറയിൽ അടക്കുന്നു." താൻ കല്ലറയിൽ അടക്കപ്പെട്ട ശേഷം ദൈവമാതാവ് ഉത്തരശാലയിൽ പോയി തന്റെ ദിവ്യകുമാരന്റെ പാടുകളിന്മേൽ ധ്യാനിക്കുന്നു.

പ്രകരണം:— എന്റെ നേരെയുള്ള നിന്റെ സ്നേഹത്താൽ കല്ലറയിൽ അടക്കപ്പെടുവാൻ തിരുമനസ്സായ കർത്താവേ, ഞാനെവിടെയെങ്കിലും മറഞ്ഞും, മറന്നും കിടന്നിരുന്നാലും, നിന്നെപ്രതി എല്ലാം സന്തോഷത്തോടെ സഹിക്കാനും, ഇനി ലോകത്തിൽ ജീവിക്കാതെ പരലോകവാസിയായി, നിന്നെക്കുറിച്ചും, നിനക്കായും, നിന്റെ കാര്യം മാത്രം വിചാരിച്ചും ജീവിക്കാനും ഇടവരുത്തണമെ. നിന്റെ ദുഃഖിതയായ അമ്മയോടുകൂടെ നിന്റെ പാടുകളിന്മേൽ ഇടവിടാതെ ധ്യാനിച്ചുകൊണ്ടും, പാപങ്ങളെപ്പറ്റി കരഞ്ഞുകൊണ്ടും, നിങ്ങളെ ഇരുവരെയും സ്നേഹിച്ചുകൊണ്ടും, മുഴുവനും നിങ്ങൾക്കായി ജീവിച്ച്, ദൈവസ്നേഹത്തെപ്രതിയും, ദൈവസ്നേഹത്താലും മരിക്കാൻ എനിക്ക് നീ കൃപചെയ്യണമെ.

ആമ്മേൻ.

Imprimatur

M. Edakolathur

Administrator.

Bishop's House,
Trichur,
10-6-'43

S. J. Press, Mannanam.

CT Library
00080836
K100 C629.

ST. JOSEPH'S I. S. PRESS,
ELTHURUTH.

CMI W
K
BANG
C6
DHARMAR